I/133442/2023

ഭരണഭാഷ – മലയാളം

DCKLM/2599/2022-M16

കളക്ടറേറ്റ്, കൊല്ലം
തീയതി :12-01-2023
ഫോൺനമ്പർ:0474 2793473
ഇ–മെയിൽ:dcklmmsection@gmail.com

# സർക്കുലർ

| | |
|---|---|
| വിഷയം :- | ശബ്ദമലിനീകരണം- കൊല്ലം ജില്ലയിലെ ആരാധനാലയങ്ങളിലെ ശബ്ദ മലിനീകരണ നിയന്ത്രണത്തിനുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച് |
| പരാമർശം :- | 1. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2000(3) KLT 651 (SC) നം കേസിലെ വിധിന്യായം |
| | 2 . ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 23/01/2013 ലെ WP(C) 211/2012 നമ്പർ കേസിലെ വിധിന്യായം |
| | 3. സർക്കാർ ഉത്തരവ് (സാധാ) നം 6/2015/പരിസ്ഥിതി തീയതി 28/04/2015 |
| | 4 . കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2000- ലെ ശബ്ദമലിനീകരണം (ക്രമീകരണവും,നിയന്ത്രണവും) ചട്ടങ്ങൾ |
| | 5. 2011-ലെ കേരള പോലീസ് നിയമത്തിലെ 77, 80 വകുപ്പുകൾ |
| | 6. 1973- ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ 143-ാം വകുപ്പ് |
| | 7. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 27.04.2022 ലെ സി ആർ എം പി നം 1553/02/LA1/2022/KeSCPCR & 8362/02/LA1/2019/KeSCPCR നം ഉത്തരവ് |
| | 8. 1986- ലെ പരിസ്ഥിതി സംരക്ഷണ നിയമം |

******************

കൊല്ലം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളിൽ വലിയ ശബ്ദതീവ്രതയിൽ പ്രവർത്തിക്കുന്ന ഉച്ചഭാഷിണികൾ, മൈക്രോഫോണുകൾ, വാദ്യോപകരണങ്ങൾ എന്നിവ ഉപയോഗിച്ച് ഗുരുതരമായ രീതിയിൽ ശബ്ദമലിനീകരണം ഉണ്ടാക്കുന്നുവെന്ന് കാണിച്ച് നിരവധി പരാതികൾ ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതാണ്. ഭരണഘടനാപരമായ ആരാധനാസ്വാതന്ത്ര്യം ഉപയോഗിക്കുമ്പോഴും, നിയമപരമായ ഉത്തരവാദിത്വങ്ങളും സാമൂഹികമായ പ്രതിബദ്ധതയും ആരാധനാലയങ്ങൾ പുലർത്തേണ്ടത് ഒരു ജനാധിപത്യസമൂഹത്തിൽ വളരെ അനിവാര്യമാണ്. എന്നാൽ കോടതിവിധികളിലൂടെയും നിയമത്തിലൂടെയും നിർദ്ദേശിച്ചിട്ടുള്ള ശബ്ദപരിധി ലംഘിക്കപ്പെടുന്നതായി പൊതുജനങ്ങളിൽ നിന്നും നേരിട്ടും, മറ്റ് അധികാരസ്ഥാനങ്ങൾ വഴിയും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് അന്വേഷിച്ചതിൽ പരാതികളിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിതിവിശേഷം ജില്ലയിലുടനീളം നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുള്ളതാണ്.

അമിതമായ ശബ്ദം ജനങ്ങളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നുവെന്നത്

ഇനിയും ഒരു പൊതുധാരണയായി വളർന്നുവന്നിട്ടില്ല. ഇത്തരത്തിലുള്ള നിയമലംഘനം ഫലപ്രദമായി നിയന്ത്രിക്കാത്തതു കാരണം പൊതുജനങ്ങൾക്ക് പൊതുവായും, രോഗികൾ, വൃദ്ധജനങ്ങൾ, വിദ്യാർത്ഥികൾ മുതലായവർക്ക് പ്രത്യേകിച്ച് നിരന്തരമായും ശല്യമുണ്ടാകുന്നതായും, ആയത് കേൾവിക്കു മാത്രമല്ല മറ്റ് ശാരീരിക-മാനസിക പ്രശ്നങ്ങൾക്കും കാരണമാകുന്നുവെന്നും, അവരുടെ ദൈനംദിന ജീവിതത്തിന് വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലയിൽ കാര്യക്ഷമമായി പാലിക്കപ്പെടേണ്ടതാണ്. ബഹുമാനപ്പെട്ട കോടതിയുടെ സാമൂഹികപ്രസക്തിയുള്ള നിർദ്ദേശങ്ങൾ ശബ്ദമലിനീകരണം ഉണ്ടാക്കുന്നവരുടെയും, ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് അടിയന്തിരമായി തീർന്നിരിക്കുന്നു.

മതപരമായ ചടങ്ങുകൾക്കും/ആഘോഷങ്ങൾക്കും ഉച്ചഭാഷിണികൾ അനിയന്ത്രിതമായും നിയമവിരുദ്ധമായും ഉപയോഗപ്പെടുത്തുന്നുവെന്ന പരാതിയിൽ പരാമർശം (1) പ്രകാരം ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിയുടെ അടിസ്ഥാനത്തിലും, ബഹു. കേരള ഹൈക്കോടതി പരാമർശം (2) പ്രകാരമുള്ള കേസിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലും ഉച്ചഭാഷിണികളുടെ അനിയന്ത്രിത ഉപയോഗം മൂലമുള്ള ശബ്ദശല്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ശബ്ദമലിനീകരണം തടയുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് കേരള സർക്കാർ പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പൊതുസമാധാനവും പൊതുജനാരോഗ്യവും സംരക്ഷിക്കുന്നതിനായി സംസ്ഥാന പോലീസ് ആക്ട് മുതലായ നിയമങ്ങൾ ഉപയോഗിക്കാവുന്നതാണ് എന്ന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ബഹു. സുപ്രീംകോടതി, ഹൈക്കോടതി ഉത്തരവുകളും ബന്ധപ്പെട്ട ചട്ടങ്ങളും, ചട്ടങ്ങൾക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളും, സർക്കുലറുകളും പാലിച്ച് മാത്രമേ ഉച്ചഭാഷിണിയുടെ ഉപയോഗത്തിന് ബന്ധപ്പെട്ട അതോറിറ്റികൾ അനുമതി നൽകാവൂവെന്നും, നിയമവ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കോടതി വിധികളിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നത് നിരീക്ഷിക്കുവാൻ ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഉച്ചഭാഷിണിയുടെ ഉപയോഗത്തിന് അനുമതി നൽകേണ്ടത് പോലീസ് സൂപ്രണ്ട് /കമ്മീഷണർ/സബ് ഡിവിഷണൽ പോലീസ് ഓഫീസർ ആണെന്ന് കേരള ഡി.ജി.പിയുടെ 28/11/2002 ലെ നോട്ടിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പൗരൻമാർക്ക് സമാധാനപരമായി ജീവിതം നയിക്കാനുള്ള അവകാശങ്ങളുണ്ടെന്നും അവ സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ ചുമതലപ്പെട്ടവരാണെന്നും, അഥവാ ഉച്ചഭാഷിണി ഉപയോഗിക്കാൻ അനുമതി നൽകുന്ന പക്ഷം അധികാരകേന്ദ്രങ്ങൾ ആയതു സമാധാനം സംരക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും ഉത്തരവായിട്ടുള്ളതാണ്. ആരാധനാലയങ്ങളിലെ പരിപാടികൾ അതിൽ പങ്കെടുക്കുന്നവർക്ക് കേൾക്കാൻ തരത്തിൽ മാത്രം ഉച്ചഭാഷിണികൾ ഉപയോഗിക്കേണ്ടതാണെന്നും അനിയന്ത്രിതമായ ശബ്ദം ഉയരുന്നത് അനുവദിക്കാൻ പാടില്ല എന്നും ബഹുമാനപ്പെട്ട കോടതി ഉത്തരവ് നിലവിൽ ഉള്ളതാണ്.

ഓരോ പ്രദേശത്തും ഉച്ചഭാഷിണികൾ മൂലം ശബ്ദമലിനീകരണം ഉണ്ടാകുമ്പോൾ ഓരോ പരാതിയിൻമേലും നടപടി സ്വീകരിക്കുന്നതുകൊണ്ട് താൽക്കാലിക പരിഹാരം മാത്രമേ സാദ്ധ്യമാകുന്നുള്ളൂ. ശബ്ദമലിനീകരണ വിഷയത്തിൽ കുട്ടികൾ സമർപ്പിക്കുന്ന പരാതികളിൽ രണ്ട് മണിക്കൂറിനുള്ളിൽ പരിഹാരം കാണുന്നതിനാവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ എന്നിവരെ ചുമതലപ്പെടുത്തിയും, വിവിധ മതസ്ഥരുടെ ആരാധനാലയങ്ങളിലെ ചടങ്ങുകൾക്ക് ഉപയോഗിക്കുന്ന ഉച്ചഭാഷിണികൾ/വാദ്യോപകരണങ്ങൾ എന്നിവ ശബ്ദമലിനീകരണ നിയന്ത്രണനിയമത്തിലെ വ്യവസ്ഥകളനുസരിച്ചാണ് പ്രവർത്തിപ്പിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ചും പരാമർശം (7) പ്രകാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സാഹചര്യം കണക്കിലെടുത്ത് പൊതുജനങ്ങൾക്ക് ഉച്ചഭാഷിണികൾ പ്രവർത്തിപ്പിക്കുമ്പോഴുണ്ടാകുന്ന ശബ്ദ മലിനീകരണം മൂലമുള്ള പൊതുശല്യങ്ങൾ ഒഴിവാക്കുന്നതിനും, ശബ്ദമലിനീകരണം നിയന്ത്രണവിധേയമാക്കുന്നതിനും ബഹുമാനപ്പെട്ട പരമോന്നത നീതിപീഠത്തിന്റെ ഉത്തരവിന്റെ കാര്യക്ഷമമായ നടത്തിപ്പിനുമായി പരാമർശം (4) പ്രകാരം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2000-ലെ ശബ്ദമലിനീകരണം (ക്രമീകരണവും നിയന്ത്രണങ്ങളും) ചട്ടങ്ങൾ പ്രകാരവും, പരാമർശം (5) കേരള പോലീസ് ആക്ട് സെക്ഷൻ 77, 80 പ്രകാരവും, പരാമർശം (6) 1973-ലെ ക്രിമിനൽ നടപടി ചട്ടത്തിലെ ചട്ടം 143 പ്രകാരവും, പരാമർശം (7) പ്രകാരമുള്ള 2011- ലെ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലും പരാമർശം (8) പ്രകാരമുള്ള 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെയും അടിസ്ഥാനത്തിലും, കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2000-ലെ ശബ്ദമലിനീകരണം (ക്രമീകരണവും നിയന്ത്രണങ്ങളും) ചട്ടങ്ങളിലെ ചട്ടം 2(സി) പ്രകാരമുള്ള അതോറിറ്റി എന്ന നിലയിൽ ചട്ടം 4(2) പ്രകാരമുള്ള അധികാരം വിനിയോഗിച്ച് ജില്ലാ മജിസ്ട്രേറ്റ് എന്ന നിലയിൽ ചുവടെ ചേർക്കുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

## <u>മാർഗനിർദേശങ്ങൾ</u>

1. പൊതുസ്ഥലങ്ങളിലും, ആരാധനാലയങ്ങളിലും, മറ്റ് നിശബ്ദ മേഖലകളിലും, കോളാമ്പി ഇനത്തിൽപ്പെട്ട ലൗഡ് സ്പീക്കർ ഉപയോഗം നിയമം മൂലം നിരോധിച്ചിട്ടുള്ളതാണ്. ആയതിനാൽ നിരോധിത മേഖലയിൽ കോളാമ്പി/ലൗഡ് സ്പീക്കർ എന്നിവയുടെ ഉപയോഗം സംബന്ധിച്ച് പരാതി ലഭ്യമായാൽ ടി സ്ഥലത്ത് ആകസ്മിക പരിശോധന നടത്തി മേൽസൂചിപ്പിച്ചിട്ടുള്ള നിയമപ്രകാരം ബന്ധപ്പെട്ട പോലീസ് മേധാവിമാർ/ തഹസീൽദാർമാർ എന്നിവർ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. ശബ്ദമലിനീകരണം തടയാൻ ബന്ധപ്പെട്ട ചട്ടപ്രകാരവും, ബന്ധപ്പെട്ട വിജ്ഞാപനപ്രകാരവുമുള്ള പോലീസ് നടപടി കർശനമാക്കേണ്ടതും, ഉച്ചഭാഷിണികൾ ആരാധനാലയങ്ങളുടെ പരിധിയ്ക്കുള്ളിൽ പ്രവർത്തിപ്പിക്കണമെന്ന കോടതി വിധി കർശനമായും നടപ്പിലാക്കേണ്ടതുമാണ്.

2. ജില്ലയിലുടനീളം ഡ്രം, ഹോൺ മുതലായ ഉയർന്ന ശബ്ദതീവ്രതയുള്ള ഉപകരണങ്ങളാൽ ശബ്ദം പുറപ്പെടുവിക്കാൻ പാടില്ലാത്തതാണ്. ബോക്സ് ടൈപ്പ് ശബ്ദ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ അനുവാദമുള്ളൂ. എന്നാൽ പോലീസിന്റെ മുൻകൂർ അനുമതി വാങ്ങിമാത്രമേ

ബോക്സ് ടൈപ്പ് ശബ്ദ സംവിധാനങ്ങൾ ഉപയോഗിക്കാവൂ. ആയത് നിയമാനുസൃത ശബ്ദപരിധി പാലിച്ച് മാത്രമേ പ്രവർത്തിപ്പിക്കുന്നുള്ളൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

3. അനുമതിപത്രത്തിന്റെ അസ്സൽ ഉച്ചഭാഷിണി പ്രവർത്തിക്കുന്ന സ്ഥലത്തെ പ്രധാന നിയന്ത്രണ ഉപകരണത്തിന് (മെയിൻ ഓപ്പറേറ്റിംഗ് കൺസോൾ ) സമീപം പ്രദർശിപ്പിക്കേണ്ടതാണ്. സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്/വില്ലേജ് ഓഫീസർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന സമയത്ത് പരിശോധനയ്ക്കായി അവ നൽകേണ്ടതാണ്

4. വ്യക്തികൾ/ സ്ഥാപനങ്ങൾ മേലിൽ ഉച്ചഭാഷിണികൾ മുതലായവ പ്രവർത്തിപ്പിക്കുമ്പോൾ (സ്വന്തമായിട്ടോ, മറ്റ് വ്യക്തികൾ/ സ്ഥാപനങ്ങൾക്കുവേണ്ടിയോ) വ്യവസായ മേഖലയിൽ 75 നും 70 നും ഇടയിലും വാണിജ്യ മേഖലയിൽ 65 നും 55 നും ഇടയിലും, റസിഡൻഷ്യൽ ഏരിയയിൽ 55 നും 45 നും ഇടയിലും, ആശുപത്രി /വിദ്യാലയങ്ങൾ എന്നിവയുടെ 100 മീറ്റർ പരിധിക്കുള്ളിലെ നിശബ്ദ മേഖലയിൽ 50 നും 40 നും ഇടയിലും ആവൃത്തിയിൽ മാത്രം പരിമിതപ്പെടുത്തി പ്രവർത്തിക്കേണ്ടതാണ്. രാവിലെ 6.00 മണി മുതൽ 10.00 മണി വരെ മാത്രം ഉച്ചഭാഷിണികൾ/ മൈക്രോഫോൺ /മറ്റ് വാദ്യോപകരണം എന്നിവ പ്രവർത്തിക്കുക എന്ന നിബന്ധന കർശനമായി പാലിക്കേണ്ടതാണ്

5. ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്നും അനുമതി വാങ്ങാതെ പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങൾ സർക്കാറിലേക്ക് കണ്ടുകെട്ടേണ്ടതും, അതാത് അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്/ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് 1973- ലെ ഇന്ത്യൻ ക്രിമിനൽ നിയമത്തിലെ ബന്ധപ്പെട്ട ചട്ടപ്രകാരം മേൽ നടപടികൾ സ്വീകരിക്കേണ്ടതും 1986 ലെ പരിസ്ഥിതി നിയമപ്രകാരമുള്ള പിഴശിക്ഷ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6. നിയമലംഘനം ആവർത്തിക്കുന്ന സ്ഥാപനങ്ങളുടെ/വ്യക്തികളുടെ ശബ്ദോപകരണങ്ങൾ, ഉച്ചഭാഷിണികൾ മറ്റൊരു അറിയിപ്പില്ലാതെ കണ്ടുകെട്ടുന്നതാണ്. ഇപ്രകാരം കണ്ടെടുക്കപ്പെട്ട സ്ഥാപനത്തിനോ, ഉടമസ്ഥനോ, കൈവശക്കാരനോ, സൂക്ഷിപ്പുകാരനോ ഒരു വർഷക്കാലത്തേക്ക് ഇത്തരം യാതൊരു ശബ്ദ ഉപകരണങ്ങളും പ്രവർത്തിക്കാനുള്ള അനുമതി നിഷേധിക്കുന്നതുമാണ്.

7. ശബ്ദതീവ്രത പരിശോധിക്കുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളിലും ഓരോസൗണ്ട് ലെവൽ മീറ്റർ വാങ്ങുന്നതിനുള്ള പ്രൊപ്പോസലിൽ അതാത് പോലീസ് മേധാവിമാർ തുടർനടപടി സ്വീകരിക്കേണ്ടതും മലിനീകരണ നിയന്ത്രണബോർഡ് തയ്യാറാക്കിയിട്ടുള്ള സോണുകൾ തിരിച്ചിട്ടുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ശബ്ദതീവ്രതയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

8. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് താലൂക്ക് സ്ക്വാഡ് സ്ഥലപരിശോധന നടത്തി ശബ്ദം അളക്കുന്ന ഉപകരണങ്ങളുടെ (സൗണ്ട് ലെവൽ മീറ്റർ) സഹായത്തോടെ ആവൃത്തി അളക്കേണ്ടതും, അളവ് രേഖപ്പെടുത്തി വിശദമായ നോട്ടീസ് അതാത് ശബ്ദോപകരണങ്ങളുടെ ഉടമസ്ഥനോ, വിതരണക്കാരനോ, ഓപ്പറേറ്റർക്കോ ആരാണ് സ്ഥലത്ത് ലഭ്യമായത് അവർക്ക് സ്ഥലത്ത് വച്ച് തന്നെ നൽകേണ്ടതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡ് എൻജിനീയർമാർ ആവശ്യമായ

I/133442/2023

സാങ്കേതിക സഹായം തഹസീൽദാർമാർ ആവശ്യപ്പെടുന്ന സമയത്ത് നൽകേണ്ടതാണ്

9. മേൽ നിർദ്ദേശം കർശനമായി പാലിക്കുന്നുവെന്ന് ജില്ലാ പോലീസ് മേധാവികൾ (കൊല്ലം സിറ്റി & കൊല്ലം റൂറൽ), അതാത് താലൂക്ക് തഹസീൽദാർമാർ എന്നിവർ ഉറപ്പുവരുത്തേണ്ടതും അതിലേക്കുള്ള സാങ്കേതിക സഹായം ജില്ലാ ഓഫീസർ മലിനീകരണ നിയന്ത്രണ ബോർഡ് ലഭ്യമാക്കേണ്ടതുമാണ്. ഇതിനായി മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി , അധികാരപ്പെടുത്തിയ പോലീസ് ഉദ്യോഗസ്ഥർ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരുടെ ഇതിനകം രൂപീകരിച്ചിട്ടുള്ള സംയുക്ത പരിശോധന സംഘം ശബ്ദ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ , നിയമലംഘനങ്ങൾ നടക്കുന്ന സ്ഥലങ്ങൾ എന്നിവ സന്ദർശിച്ച് ജില്ലാ പോലീസ് മേധാവികൾക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

10. ബഹു. സുപ്രീം കോടതിയുടെയും, കേരള ഹൈക്കോടതിയുടെയും ഉത്തരവുകൾ ലംഘിച്ച് ശബ്ദമലിനീകരണം ഉണ്ടാക്കുന്ന ആരാധനാലയങ്ങളുടെ ഭാരവാഹികൾക്കെതിരെയും, ശബ്ദോപകരണങ്ങളുടെ ഉടമകൾക്കെതിരെയും ബന്ധപ്പെട്ട പോലീസ് മേധാവിമാർ കേസ് രജിസ്റ്റർ ചെയ്യുകയും, 1986- ലെ പരിസ്ഥിതി നിയമത്തിൽ ശുപാർശ ചെയ്തിട്ടുള്ള പ്രകാരമുള്ള പിഴശിക്ഷ (1,00,000/- രൂപ വരെ പിഴയോ, 5 വർഷം വരെ തടവോ, രണ്ടും കൂടിയോ ) ഈടാക്കേണ്ടതുമാണ്.

11. പരാതിക്കാരൻ ആവശ്യപ്പെടുന്ന പക്ഷം പരാതികൾ സമർപ്പിക്കുന്നവരുടെ പേരും മേൽവിലാസവും രഹസ്യമായി സൂക്ഷിക്കേണ്ടതാണ്. പോലീസിന് നേരിട്ട് ലഭിക്കുന്ന പരാതികളിൽ നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ തുടരേണ്ടതാണ്.

മേൽ മാർഗ്ഗനിർദ്ദേശങ്ങൾ വീഴ്ച കൂടാതെ പാലിയ്ക്കപ്പെടാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുന്നു.

Signed by
Afsana Perween I A S
Date: 12-01-2023 16:35:03

AFSANA PERWEEN I A S
ജില്ലാ മജിസ്ട്രേറ്റ്

ജില്ലയിലെ എല്ലാ ഉച്ചഭാഷണി/സൗണ്ട് സിസ്റ്റം ഉടമസ്ഥർക്കും/ ആരാധനാലയങ്ങളിലെ ബന്ധപ്പെട്ട ഭാരവാഹികൾക്കും
(അതാത് തഹസീൽദാർ മുഖേന)

**<u>പകർപ്പ്</u>**

1.ജില്ലാ ഇൻഫർമേഷൻ ഓഫീസർ
(പത്ര-ദൃശ്യമാധ്യമങ്ങളിൽ പരസ്യപ്പെടുത്തുന്നതിന്)
2. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്
3. സബ് കളക്ടർ, കൊല്ലം
4. റവന്യൂ ഡിവിഷണൽ ഓഫീസർ, പുനലൂർ

I/133442/2023

5. ജില്ലാ പോലീസ് മേധാവി ,കൊല്ലം സിറ്റി
6. ജില്ലാ പോലീസ് മേധാവി ,കൊല്ലം റൂറൽ , കൊട്ടാരക്കര
7. എൺവയോൺമെന്റൽ എഞ്ചിനീയർ, മലിനീകരണ നിയന്ത്രണബോർഡ് , കൊല്ലം
8. ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് ലോ & ഓർഡർ, കൊല്ലം സിറ്റി & റൂറൽ , കൊട്ടാരക്കര ( ജില്ലാ പോലീസ് മേധാവി മുഖേന )
9. എല്ലാ തഹസീൽദാർമാർക്കും
10. എല്ലാ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് /അസിസ്റ്റന്റ് കമ്മീഷണർമാർക്കും
11. എല്ലാ സർക്കിൾ ഇൻസ്പെക്ടർമാർക്കും
12. എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും
13. എല്ലാ വില്ലേജ് ഓഫീസർമാർക്കും
14. സ്റ്റോക്ക് ഫയൽ (എം16)

.